# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## അയ്യമ്പുഴ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in
ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ - ഇകെഎം - പി4- 147/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 04/04/2023
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
അയ്യമ്പുഴ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : അയ്യമ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അയ്യമ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ - ഇകെഎം - പി4- 147/2023 തീയ്യതി: 04/04/2023

## എറണാകുളം ജില്ലയിലെ അയ്യമ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ അയ്യമ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ബിന്ദു.എസ്.നായർ | ഡെപ്യൂട്ടി ഡയറക്ടർ | 25-01-2023 | 03-02-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 25-01-2023 | 03-02-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

സുസ്മിത കെ.വി., ഓഡിറ്റ് ഓഫീസർ
ഗോപകുമാർ എം.എസ്., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
സന്തോഷ് കുമാർ എം., സീനിയർ ഗ്രേഡ് ഓഡിറ്റർ
കിരൺ കെ.എസ്., ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീ.ജോമോൻ.പി.യു | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ.ഷാജൻ.എ.വി | സെക്രട്ടറി | 01-04-2021 | 02-11-2021 |
| ശ്രീമതി.രശ്മി.എം.എസ് | സെക്രട്ടറി-**ഇൻ-**ചാർജ്ജ് | 03-11-2021 | 08-11-2021 |
| ശ്രീ.സി.മണികണ്ഠൻ | സെക്രട്ടറി | 09-11-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(**മുത**ൽ)** | തീയതി **(**വരെ**)** |
|---|---|---|---|
| ശ്രീമതി.ബെഷി.വി.ജെ | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ.ദീപ്തി എസ്.ആർ | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2021 | 31-03-2022 |
| ശ്രീ.മുകുൾ.എസ്.വി | വി.ഇ.ഒ. അയ്യമ്പുഴ | 01-04-2021 | 31-03-2022 |
| ശ്രീ.നജീബ് ടി.എസ് | വി.ഇ.ഒ. ചുള്ളി | 01-04-2021 | 31-03-2022 |
| ഡോ.ഡയാനമോൾ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2021 | 31-03-2022 |
| ശ്രീമതി.ആഷദേവി.ബി | അസി.എൻജിനീയർ | 01-04-2021 | 31-03-2022 |
| ശ്രീമതി.ലാലി.ടി.ജെ | ഹെഡ്മിസ്ട്രസ്, ജി.എൽ പി എസ് | 01-04-2021 | 21-12-2021 |
| ശ്രീമതി.പ്രമീളകുമാരി | ഹെഡ്മിസ്ട്രസ്, | 22-12-2021 | 31-03-2022 |
| ഡോ. അനിത എ.ബി | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 01-04-2021 | 14-11-2021 |
| ഡോ.മാത്യൂസ് | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 15-11-2021 | 31-03-2022 |
| ശ്രീമതി.മനീഷ ടി എ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2021 | 17-01-2022 |
| ശ്രീമതി.സീന ഉത്തമൻ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 18-01-2022 | 31-03-2022 |
| ശ്രീ.പ്രശാന്ത്.ഇ.എം | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ രശ്മി.പി | വെറ്ററിനറി സർജൻ | 01-04-2021 | 19-11-2021 |
| ഡോ.ജോമോൻ ചെറിയാൻ | വെറ്ററിനറി സർജൻ | 20-11-2021 | 03-01-2022 |
| ഡോ.ജൈബി.കെ | വെറ്ററിനറി സർജൻ | 04-01-2022 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം | 1-3 |
| 5 | ഫണ്ട് വിശകലനം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | തൊഴിലുറപ്പ് പദ്ധതി-അവലോകനം | 1-6-1 |
| 9 | തൊഴിലുറപ്പ് പദ്ധതി - അപാകതകൾ | 1-6-2 |
| 10 | ക്ഷേമ പദ്ധതികൾ | 1-7 |
| 11 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 12 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 13 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 14 | രസീത് പരിശോധന - അപാകതകൾ | 1-11 |
| 15 | വസ്തുനികുതി - പൂർത്തീകരണ പ്ലാനും അസസ്മെന്റ് രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല | 1-12 |
| 16 | വസ്തു നികുതി - ചില ഉപയോഗക്രമങ്ങൾക്ക് നിരക്കുകൾ നിശ്ചയിച്ചിട്ടില്ല | 1-13 |
| 17 | തൊഴിൽ നികുതി - അപാകതകൾ | 1-14 |
| 18 | ടെണ്ടർ എക്സസ് ഇനത്തിൽ 66,590/- രൂപ അധികം നല്കി | 1-15 |
| 19 | വി.ഇ.ഒ. നടപ്പിലാക്കിയ പദ്ധതികൾ - അപാകതകൾ | 1-16 |
| 20 | പൊതുടാപ്പ് നീക്കം ചെയ്യൽ പദ്ധതി - തുക ഒടുക്കിയിട്ടും ടാപ്പുകൾ നീക്കം ചെയ്തില്ല | 1-17 |
| 21 | സോളാർ ലൈറ്റുകളുടെ റിപ്പയർ പദ്ധതി - അപാകതകൾ | 1-18 |
| 22 | ഐ.കെ.എം. വിഹിതം | 1-19 |
| 23 | ജില്ലാപഞ്ചായത്തിന് സംയുക്തപദ്ധതികൾക്കായി നൽകിയ തുകയുടെ വിനിയോഗവിവരം ഹാജരാക്കണം | 1-20 |
| 24 | ജീവനക്കാരുടെ ആർജ്ജിതാവധി സറണ്ടർ | 1-21 |
| 25 | സാക്ഷരതാപ്രേരകിന് നൽകിയ മുൻകൂർ തിരികെ ഈടാക്കണം | 1-22 |
| 26 | മാവേലി സ്റ്റോർ വാടക | 1-23 |
| ഭാഗം 2 | | |
| --- No Records Found --- | | |

| | | |
|---|---|---|
| ഭാഗം **3** | | |
| 1 | ടെണ്ടർ എക്സസ് ഇനത്തിൽ 66,590/- രൂപ അധികം നല്കി | 3-1 |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ /വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ്/സർച്ചാർജുകളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

സ്ഥാപനത്തിന്റെ ഓഡിറ്റ് വർഷത്തെ ബജറ്റ് 19.02.2021 ലെ 1(1) ാംനമ്പർ തീരുമാനപ്രകാരം ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്. ഓഡിറ്റ് വർഷത്തെ ബജറ്റ് 05.03.2022ലെ 9(1)ാംനമ്പർ തീരുമാനപ്രകാരം ഭരണസമിതി പുതുക്കി അംഗീകരിച്ചിട്ടുണ്ട്. 2021-2022 വർഷത്തെ പുതുക്കിയ ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവ് വിവരം താഴെ ചേർക്കുന്നു :-

| | ബജറ്റ് പ്രകാരമുള്ള വരവ്-ചെലവ് കണക്കുകൾ | റസീറ്റ് & പേയ്മെന്റ് പ്രകാരമുള്ള വരവ് -ചെലവ് കണക്കുകൾ | വ്യത്യാസം |
|---|---|---|---|
| മുന്നിരിപ്പ് | 12,10,163 | 1,03,01,764 | (-)90,91,601 |
| വരവ് | 24,13,91,803 | 7,20,38,350 | 16,93,53,453 |
| ആകെ | 24,26,01,966 | 8,23,40,114 | 16,02,61,852 |
| ചെലവ് | 24,22,93,699 | 7,22,28,186 | 17,00,65,513 |
| നീക്കിയിരിപ്പ് | 3,08,267 | 1,01,11,928 | (-)98,03,661 |

ഇ.എഫ്.എം.എസ് വഴി മഹാത്മഗാന്ധി തൊഴിലുറപ്പ് പദ്ധതിക്കായി 3.86 കോടി രൂപയും, ക്ഷേമ പദ്ധതികൾക്കായി ഡി.ബി.റ്റി വഴി 4.27 കോടി രൂപയും ലഭിച്ചതുൾപ്പെടെ തനത് സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയാലും ബജറ്റും വാർഷിക ധനകാര്യപത്രികയും തമ്മിൽ ഗണ്യമായ വ്യത്യാസമുണ്ട്. വാർഷിക കണക്കുകൾ യാഥാർത്ഥ്യബോധത്തോടെ തയ്യാറാക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31/07/2022 | 10/06/2022 |

### 1-2-1 വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ

ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

1) സചിത്ര സോഫ്റ്റ് വെയർ പ്രകാരമുള്ള ആസ്തി രജിസ്റ്ററിൽ ആസ്തികളുടെ നവീകരണ ചെലവ് ഉൾപ്പെടുത്തി പരിഷ്കരിച്ചിട്ടില്ല.

2) അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്), പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ വാർഷിക ധനകാര്യപത്രികയുടെ കൂടെ ഉള്ളടക്കം ചെയ്തിട്ടില്ല.

3) സഞ്ചയ പ്രകാരമുള്ള കെട്ടിട നികുതിയുടെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ സാംഖ്യ പ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുന്നില്ല.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 10301764 |
| വരവ് | 72038350 |
| ആകെ | 82340114 |
| ചെലവ് | 72228186 |
| നീക്കിയിരിപ്പ് | 10111928 |
| ഓഡിറ്റിൽ നിരാകരിച്ച തുക | 66590 |

| | |
|---|---|
| തടസ്സപ്പെട്ടത്തിയ തുക | 590054 |

1-4 ഫണ്ട് വിശകലനം

| ഫണ്ടിനം | മുന്നിരിപ്പ് | അലോട്ട്മെന്റ് പ്രകാരം വരവ് | ആകെ | ചെലവ് | നീക്കി യിരുപ്പ് | ചെലവഴിക്കാതെ ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 13698154 | 13698154 | 12840312 | 0 | 857842 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 3604913 | 3604913 | 3139056 | 0 | 465857 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 0 | 0 | 0 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 28753000 | 28753000 | 20014300 | 0 | 8738700 |
| സംരക്ഷണഗ്രാന്റ് (റോഡിതരം) | 0 | 4853319 | 4853319 | 4121429 | 0 | 731890 |
| ധനകാര്യകമ്മീഷൻ അവാർഡ് ( UnTied) - 320200112 | 0 | 2898359 | 2898359 | 2876343 | 22016 | 0 |
| | 0 | 388640 | 388640 | 151692 | 0 | 236948 |
| ധനകാര്യകമ്മീഷൻ അവാർഡ് ( Tied) - 320200111 | 0 | 4246000 | 4246000 | 2088810 | 2157190 | 0 |
| | | 2043997 | 2043997 | 979316 | 0 | 1064681 |
| കേന്ദ്രാവിഷ്കൃതഫണ്ട്- | | | | | | |
| ശുചിത്വമിഷൻ-PBIG 320 100 115 | 2126028 | 0 | 2126028 | 845000 | 1281028 | |
| ICDS 320 100 121 | 73657 | 504845 | 578502 | 405673 | 172829 | |
| MG NREGS-Administrative Exp | 39970 | 1603137 | 1643107 | 744749 | 898358 | |
| EFMS | 0 | 37880009 | 37880009 | 37880009 | 0 | |
| ലൈഫ് സംസ്ഥാന വിഹിതം 320 200 301 | 500000 | | 500000 | 100000 | 400000 | |
| അംഗൻവാടി നെയിംബോർഡ് 320 200 307 | 37434 | 0 | 37434 | 4434 | 33000 | |
| ശുചിത്വ മിഷൻ വിഹിതം 320 200 322 | 130000 | 65000 | 195000 | 162500 | 32500 | |
| ഡി.ഡി.എം.എ 320 200 324 | 69589 | 0 | 69589 | 0 | 69589 | |
| സി.എസ്.ആർ ഫണ്ട് 320 200 399 | 211335 | 8538 | 219873 | 0 | 219873 | |
| കില 320 300 199 | 21550 | 11073 | 32623 | 25113 | 7510 | |
| ജനകീയ ഭവന പദ്ധതി 320 400 199 | 63923 | 0 | 63923 | 0 | 63923 | |

CFC Tied - Treasury A/c 21-22ൽ 979316/- രൂപ ചെലവുണ്ട്. ഇതിൽ 916901/- രൂപ ക്യാപിറ്റൽ

കോൺട്രിബ്യൂഷനിലേക്ക് മാറ്റിയതിനാൽ ബാക്കി 62415/- രൂപയാണ് 1-6ൽ കാണിച്ചിരിക്കുന്നത്.
CFC Tied - A/c 21-22ൽ 2088810/- രൂപ ചെലവുണ്ട്. ഇതിൽ 916000/- രൂപ ക്യാപിറ്റൽ കോൺട്രിബ്യൂഷനിലേക്ക് മാറ്റിയതിനാൽ ബാക്കി 1172810/- രൂപയാണ് 1-6ൽ കാണിച്ചിരിക്കുന്നത്. ബാലൻസ് തുക 2157190/-
CFC Un Tied - A/c 21-22ൽ 2876343/- രൂപ ചെലവുണ്ട്. ഇതിൽ 1539566/- രൂപ ക്യാപിറ്റൽ കോൺട്രിബ്യൂഷനിലേക്ക് മാറ്റിയതിനാൽ ബാക്കി 1336777/- രൂപയാണ് 1-6ൽ കാണിച്ചിരിക്കുന്നത്. ബാലൻസ് തുക 22016/-
B4 ഷെഡ്യൂൾ പ്രകാരം CFC Tied നീക്കിയിരിപ്പ് 2157190/- രൂപയും CFC Un Tied നീക്കിയിരിപ്പ് 22,016/- രൂപയും ആണ്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു. അംഗീകരിച്ച പദ്ധതികളുടെ 71.14 % മാണ് നടപ്പിലായത്. 32 പ്രൊജക്ടുകൾ നടപ്പിലാക്കാതെ ഉപേക്ഷിച്ചു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | പൂർണ്ണമായി നടപ്പാക്കിയത് (എണ്ണം) | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 149 | 107015253 | 117 | 44227202 | 106 | 11 | 32 | 71.14% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 39970 | 1603137 | 1643107 | 744749 | 898358 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 0 | 37880009 | 37880009 | 37880009 | 0 |
| ആകെ | 39970 | 39483146 | 39523116 | 38624758 | 898358 |

കുറിപ്പ്:- ചെക്ക് വഴി ചെലവ് രേഖപ്പെടുത്തിയ 700/-രൂപ 31-3-22 വരെ ബാങ്കിൽ നിന്ന് പിൻവലിച്ചിട്ടില്ല.

### 1-6-1 തൊഴിലുറപ്പ് പദ്ധതി-അവലോകനം

2021 -22 വർഷത്തെ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ സംക്ഷിപ്തം താഴെ ചേർക്കുന്നു.

| | |
|---|---|
| ആകെ രജിസ്റ്റർ ചെയ്ത കുടുംബങ്ങൾ | 3347 |
| രജിസ്റ്റർ ചെയ്ത വ്യക്തികളുടെളുടെ എണ്ണം | 6552 |
| ആക്ടീവായ ഗുണഭോക്താക്കൾ | 3208 |
| തൊഴിൽ ആവശ്യപ്പെട്ട കുടുംബങ്ങളുടെ എണ്ണം | 1986 |
| തൊഴിൽ ആവശ്യപ്പെട്ട വ്യക്തികളുടെളുടെ എണ്ണം | 2575 |
| 2021-22 ൽ നല്കിയ തൊഴിൽ ദിനങ്ങൾ | 117509 |
| ഒരു കുടബത്തിന് ലഭ്യമായ ശരാശരി തൊഴിൽ ദിനങ്ങൾ | 67.94 |
| 100 തൊഴിൽ ദിനങ്ങൾ നല്കപ്പെട്ട കുടുംബങ്ങളുടെ എണ്ണം | 585 |
| 2021-22 വർഷത്തെ ആകെ ചെലവ് തുക | 386 ലക്ഷം |

രൂപീകരിച്ച വർക്കുകൾ----319

ആകെ പൂർത്തിയാക്കിയ വർക്കുകൾ-- 239
നടപ്പിലാക്കിയ പദ്ധതികളുടെ മേഖല തിരിച്ചുള്ള വിവരം താഴെക്കൊടുക്കുന്നു

| നടപ്പാക്കിയ പ്രവൃത്തികൾ | എണ്ണം |
|---|---|
| സോക്ക്പിറ്റ് | 10 |
| കാലിതൊഴുത്ത് നിർമ്മാണം | 19 |
| തോട്, കനാൽപുനരുദ്ധാരണം | 3 |
| ആട്ടിൻ കൂട് നിർമ്മാണം | 17 |
| കോഴിക്കൂട് നിർമ്മാണം | 5 |
| ദുർബല വിഭാഗം കയ്യാല നിർമ്മാണം, | 55 |
| ദുർബല വിഭാഗം മഴക്കുഴി നിർമ്മാണം | 9 |

| | |
|---|---|
| പൊതുഭൂമിയിൽ കയ്യാല നിർമ്മാണം, | 47 |
| പൊതുഭൂമിയിൽ ഗള്ളി നിർമ്മാണം, | 14 |
| പൊതുഭൂമിയിൽ മഴക്കുഴി നിർമ്മാണം, | 4 |
| പൊതുഭൂമിയിൽ ഭൂവികസനം | 2 |
| തരിശു ഭൂമി കൃഷിക്ക് അനുയോജ്യമാക്കൽ | 5 |
| തീറ്റപൽ കൃഷി | 2 |
| ഭവന നിർമ്മാണം | 18 |
| കുളം നിർമ്മാണം | 4 |
| കിണർ നിർമ്മാണം | 2 |
| നഴ്സറി | 2 |
| കമ്പോസ്റ്റ് കുഴി | 6 |
| മിനി എം.സി.എഫ്. | 2 |
| റോഡ് നിർമ്മാണം | 1 |
| അസോള ടാങ്ക് | 6 |
| കിണർ റീ-ചാർജിങ്ങ് | 6 |
| ആകെ | 239 |

1-6-2 തൊഴിലുറപ്പ് പദ്ധതി - അപാകതകൾ

1. സാധനങ്ങൾ സപ്ലൈ ചെയ്ത കരാറുകാരിൽ നിന്നും ജി.എസ്.ടി.-ടി.ഡി.എസ്. കൃത്യമായി ഈടാക്കുന്നില്ല. തൊഴിലുറപ്പ് പദ്ധതിയിൽ ചെയ്ത ആട്ടിൻകൂട് നിർമ്മാണം, തൊഴുത്ത് നിർമ്മാണം, തുടങ്ങിയ വ്യക്തിഗത പദ്ധതികൾ ഉൾപ്പെടെ മെറ്റീരിയൽസ് ആവശ്യമായ വിവിധ പ്രവൃത്തികൾക്കായി 2021-22 വർഷം മെറ്റീരിയൽ സപ്ലൈ ചെയ്തതിന് ജോയ് കിലുക്കൻ എന്ന കരാറുകാരന് (ലഭ്യമാക്കിയ രേഖകൾ പ്രകാരം) 1242250/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ ഈ തുകയ്ക്ക് 2017 ലെ ജി.എസ്.ടി. നിയമം വകുപ്പ് 51 പ്രകാരമുള്ള 2 % തുകയായ 28846/-രൂപ ജി.എസ്.ടി. -ടി.ഡി.എസ്. ഇനത്തിൽ 06-01-23-നാണ് കരാറുകാരനിൽ നിന്ന് ഈടാക്കിയിട്ടുള്ളത് (Receipt No :1220102052 Dt 6-1-23). ഈ തുക 2022-23 വർഷത്തെ ജി.എസ്.ടി.-ടി.ഡി.എസ്. ആയിട്ടാണ് പഞ്ചായത്തിൽ അടവാക്കിയിട്ടുള്ളത് എന്നതിനാൽ 2021-22 വർഷത്തെ ഈ തുക 2022-23 ജി.എസ്.ടി.-ടി.ഡി.എസ്. തുകയിൽ ഉൾപ്പെടുന്നില്ല എന്ന് ഉറപ്പാക്കേണ്ടതാണ്. റിട്ടേൺ ഫയൽ ചെയ്ത് വിവരം ലഭ്യമാക്കുന്നതാണ് എന്നറിയിച്ചു.

2. സപ്ലൈ ചെയ്ത സാധനങ്ങൾ സ്റ്റോക്ക് ചെയ്ത് അളവ് എടുത്തിട്ടില്ല. സപ്ലൈ ചെയ്ത സാധനങ്ങൾ സ്റ്റോക്ക് ചെയ്ത് അളവ് തിട്ടപ്പെടുത്താതെ, അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയതനുസരിച്ചുള്ള മെറ്റീരിയൽസ് തന്നെ വരവും ചെലവുമായി രേഖപ്പെടുത്തുകയാണ് ചെയ്തു പോരുന്നത്. ഇതനുസരിച്ചുള്ള തുക കരാറുകാരന് നൽകുകയും ചെയ്യുന്നു. വാങ്ങിയ സാധനങ്ങൾ അളവെടുത്ത് സ്റ്റോക്കിലെടുത്ത് , തൊഴിലുറപ്പ് പദ്ധതി കേരള മിഷൻ ഡയറക്ടർ 30.07.2019 ലെ 957/ഇ.ജി.എസ്-സി/10/ആർ.ഇ.ജി.എസ് നമ്പർ കത്തിലെ നിർദ്ദേശങ്ങൾ പാലിച്ച് വിനിയോഗിക്കേണ്ടതുമാണ്.

3. പ്രവൃത്തി പൂർത്തിയാക്കുന്നതിനോടൊപ്പം തന്നെ പ്രവൃത്തി സ്ഥലത്ത് ഡിസ്പ്ലേ ബോർഡ് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുന്നില്ല. പൂർത്തിയാക്കിയ പല പ്രവൃത്തികളുടേയും ഡിസ്പ്ലേ ബോർഡിന്റെ ബിൽ അടുത്ത വർഷം ചെലവ് രേഖപ്പെടുത്തി സ്റ്റോക്കിലെടുക്കുകയും അതുപ്രകാരം ഡിസ്പ്ലേ ബോർഡ് സ്ഥാപിക്കുന്നത് വൈകുകയും ചെയ്യുന്നു. പ്രവൃത്തി പൂർത്തിയാക്കുന്നതിനോടൊപ്പം തന്നെ പ്രവൃത്തി സ്ഥലത്ത് ഡിസ്പ്ലേ ബോർഡ് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

4. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിലെ മാനദണ്ഡം വ്യക്തമല്ല. കോഴിക്കൂട്, ആട്ടിൻകൂട് , തൊഴുത്ത് നിർമ്മാണം തുടങ്ങിയ വ്യക്തിഗത ആനുകൂല്യം നൽകുന്ന പ്രവൃത്തികളിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിലെ മാനദണ്ഡം വ്യക്തമല്ല. സംസ്ഥാന സർക്കാരിന്റെ പദ്ധതി മാർഗ്ഗരേഖ പ്രകാരം നൽകാവുന്ന വ്യക്തിഗത ആനുകൂല്യങ്ങളുടെ തെരഞ്ഞെടുപ്പിന് കൃത്യമായ മാർഗ്ഗനിർദ്ദേശങ്ങളും, അനുവദിക്കാവുന്ന സബ്സിഡിക്ക് പരിധിയും നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ തൊഴിലുറപ്പ് പദ്ധതിയിൽ ആകെ നിർമ്മാണച്ചെലവും സർക്കാർ വഹിക്കുകയാണ് ചെയ്യുന്നത്. ഈ പ്രവൃത്തികളിൽ ഗുണഭോക്തൃലിസ്റ്റ് അംഗീകരിച്ചിട്ടുണ്ടെങ്കിൽ ആയത് ലഭ്യമാക്കേണ്ടതാണ് എന്നറിയിച്ചെങ്കിലും ലഭ്യക്കിയില്ല. എസ്.സി., എസ്.ടി., ബി.പി.എൽ., നാമമാത്രകർഷകർ എന്നിവർക്ക് മുൻഗണന നൽകിയാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിട്ടുള്ളത് എന്ന മറുപടി തൃപ്തികരമല്ല. സുതാര്യമായ മാനദണ്ഡം അനുസരിച്ച് കമ്മിറ്റി അംഗീകരിച്ച് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

5. തൻവർഷം ദുർബ്ബല വിഭാഗം കയ്യാല നിർമ്മാണം, ദുർബ്ബല വിഭാഗം മഴക്കുഴി നിർമ്മാണം, മറ്റു വ്യക്തിഗത പദ്ധതികൾ എന്നിവ ദേശീയ തൊഴിലുപ്പ് പദ്ധതിയിലൂടെ നടപ്പിലാക്കിയതായി കാണുന്നു.

ഫയലുകൾ പരിശോധിച്ചതു പ്രകാരം ഈ പ്രവൃത്തികളുടെ ഗുണഭോക്താക്കളുടേയോ, പ്രവൃത്തിചെയ്ത സ്ഥലത്തിന്റെ കൃത്യമായ വിവരങ്ങളോ പ്രവൃത്തികൾ നടത്തിക്കിട്ടിയതായുള്ള ഗുണഭോക്താക്കളുടെ സാക്ഷ്യപത്രമോ ഫയലിൽ ലഭ്യമല്ല. കൃത്യമായ വിവരങ്ങൾ ഫയലിൽ സൂക്ഷിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

6. പൊതുഭൂമിയിൽ കയ്യാല നിർമ്മാണം, ഗള്ളി നിർമ്മാണം, മഴക്കുഴി നിർമ്മാണം, ഭൂവികസനം എന്നീ പദ്ധതികൾ ദേശീയ തൊഴിലുറപ്പ് പദ്ധതിയിലൂടെ നടപ്പിലാക്കിയതായി കാണുന്നു . 67പ്രവൃത്തികൾക്കായി 185.77 ലക്ഷം രൂപ (ആകെ ചെലവിന്റെ 48%) ഇത്തരത്തിൽ ചെലവാക്കിയിട്ടുള്ളത്. വനഭൂമിയിൽ നടപ്പിലാക്കുന്ന ഈ പ്രവൃത്തികളുടെ അടിസ്ഥാനം എന്താണെന്നും പഞ്ചായത്തിനും ജനങ്ങൾക്കും ഇത് എങ്ങനെ ഉപയോഗപ്രദമാകുന്നു എന്നതിനും വ്യക്തതയില്ല. ജലക്ഷാമമുള്ള പഞ്ചായത്തിന് ഭൂഗർഭജലനിരപ്പ് ഉയർത്തുന്നതിനും മണ്ണൊലിപ്പ് തടയുന്നതിനും ഈ പ്രവൃത്തികൾ ഉപയോഗപ്രദമാകുന്നു എന്നാണ് അറിയിച്ചിട്ടുള്ളത്. പഞ്ചായത്തിനും ജനങ്ങൾക്കും കൂടുതൽ ഗുണകരമായ കൃഷി വികസനത്തിന് ഉതകുന്ന പദ്ധതികൾ അടക്കം മറ്റു പദ്ധതികൾ വിഭാവനം ചെയ്യുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

7. പ്രവൃത്തികളുടെ ജിയോടാഗ് സംബന്ധിച്ച വിശദാംശങ്ങൾ ഫയലിൽ ലഭ്യമല്ല. പ്രവൃത്തികളുടെ ലോക്കേഷൻ സംബന്ധിച്ച കൃത്യമായ വിശദാംശങ്ങൾ ഫയലിലും രജിസ്റ്ററിലും രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതും തുടർ വർഷങ്ങളിൽ ഇതേ പ്രവൃത്തികൾ ഇതേ ലോക്കേഷനുകളിൽ നടപ്പിലാക്കുന്നില്ല എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ 01-02-23ലെ ഓഡിറ്റ് എൻക്വയറി നം 3 നുള്ള മറുപടി കൂടി പരിഗണിച്ച് തയ്യാറാക്കിയ മേൽപ്പറയുന്ന ഓഡിറ്റ് നിർദേശങ്ങൾ പാലിച്ച് അറിയിക്കേണ്ടതാണ്.

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 2877000 | 186 |
| വിധവാ പെൻഷൻ | 8627600 | 567 |
| വാർദ്ധക്യകാല പെൻഷൻ | 27659200 | 1999 |
| വികലാംഗ പെൻഷൻ | 3237100 | 208 |
| 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതകൾക്കുള്ള ധനസഹായം | 396800 | 25 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 30.01.2023-ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 10175/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ കാര്യക്ഷമമാണ്. താഴെപ്പറയുന്ന അപാകതകൾ പരിഹരിക്കുന്നതിനുള്ള ശ്രമം നടത്താവുന്നതാണ്

1. ഭരണ സമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

2. ആസ്തി രജിസ്റ്റർ കാലികമാക്കാത്തതിനാൽ ആസ്തികളുടെ കൃത്യമായ വിവരം ലഭ്യമാകുന്നില്ല.

3. 2003 ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസനിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ

പ്രകാരം പ്രസ്തുത നിധിയിലേക്ക് ധനസമാഹരണം നടത്താവുന്നതാണ്.

4. തീർപ്പാക്കാൻ ശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുവാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 4-11-22 | 8/21- 10/21 | 19.11.22 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 26.10.19 - 6.11.19 | 2014-15 To 2018-19 | 21.11.19 |

1-11 രസീത് പരിശോധന - അപാകതകൾ

2021-22 സാമ്പത്തിക വർഷത്തിലെ മാന്വൽ രസീത് ബുക്കുകൾ, കളക്ഷൻ രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.
1)രസീത് ബുക്കുകളിൽ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല.
ഉദാ : 16442
2)സാമ്പത്തിക വർഷാവസാനം രസീത് ബുക്കുകളിൽ ഉപയോഗിക്കാതെ അവശേഷിച്ച രസീതുകൾ റദ്ദാക്കിയിട്ടില്ല.
ഉദാ : 16446/41 മുതൽ 100 വരെ, 16442/34 മുതൽ 100 വരെ, 16445/2 മുതൽ 100 വരെ, 16441//45 മുതൽ 100 വരെ
3)രസീത് ബുക്കുകളിൽ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയത് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല.
ഉദാ : 16443, 16446, 16441
ഓഡിറ്റ് നിർദ്ദേശം
1) ഓരോ രസീത് ബുക്കിലേയും രസീതുകളുടെ എണ്ണം പരിശോധിച്ച് സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി വിതരണം ചെയ്യേണ്ടതാണ്.
2) സാമ്പത്തിക വർഷാവസാനം രസീത് ബുക്കിൽ അവശേഷിച്ച രസീതുകൾ റദ്ദാക്കി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

1-12 വസ്തുനികുതി - പൂർത്തീകരണ പ്ലാനും അസസ്സ്മെന്റ് രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല

2011, 2019 ലെ കേരള കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം നിർമ്മാണം പൂർത്തീകരിച്ചതും 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരം വസ്തു നികുതി നിർണയിച്ചതുമായ കെട്ടിടങ്ങളുടെ 2021-22 വർഷത്തെ ഫയലുകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകത കണ്ടെത്തി.

പൂർത്തീകരണ പ്ലാനും അസസ്സ്മെന്റ് രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല

| ഫയൽ നം/വിശദാംശങ്ങൾ | നിലവിലുള്ള കെട്ടിടത്തിന്റെ നമ്പർ/ ഉപയോഗക്രമം | നിലവിലുള്ള കെട്ടിടത്തിന്റെ വിസ്തീർണം (പ്ലാൻ പ്രകാരം) | സഞ്ചയ പ്രകാരം നിലവിലുള്ള കെട്ടിടത്തിന്റെ വിസ്തീർണം | വ്യത്യാസം |
|---|---|---|---|---|
| ഫയൽ നമ്പർ - A6-1621/21 തീയതി: 06.07.2021<br>കെട്ടിട ഉടമ - ബിജു പി.ജെ, പയ്യപ്പിള്ളി വീട്, അയ്യമ്പുഴ<br>പുതിയ കെട്ടിട നമ്പർ - 13/274 A<br>ഉപയോഗക്രമം - പാർപ്പിടം<br>റീ സർവ്വേ നം : 336/4/6 | 13/274 പാർപ്പിടം | 62.11ച.മീ | 28ച.മീ | 34.11ച.മീ |

മേൽ കെട്ടിടത്തിന്റെ അധിക നിർമ്മാണം, നാളിതുവരെ ക്രമവൽക്കരിച്ച് വസ്തുനികുതി കണക്കാക്കിയിട്ടില്ല. ആയത് ക്രമവൽക്കരിച്ച് വസ്തുനികുതി പുനർനിർണ്ണയം നടത്തേണ്ടതും വിവരം

രേഖകൾ സഹിതം അറിയിക്കേണ്ടതുമാണ്. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (1/01.02.2023) മറുപടി ലഭ്യമാക്കിയില്ല.

## 1-13 വസ്തു നികുതി - ചില ഉപയോഗക്രമങ്ങൾക്ക് നിരക്കുകൾ നിശ്ചയിച്ചിട്ടില്ല

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 4 പ്രകാരം കെട്ടിടങ്ങളുടെ ഉപയോഗക്രമമനുസരിച്ച് ചതുരശ്ര മീറ്റർ തറവിസ്തീർണ്ണത്തിന് സർക്കാർ നിർദ്ദേശിക്കുന്ന കുറഞ്ഞതും കൂടിയതുമായ പരിധികൾക്ക് വിധേയമായി ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ചുമത്തേണ്ട വസ്തുനികുതി നിരക്കുകൾ ഗ്രാമപഞ്ചായത്ത് പ്രമേയം മൂലം നിശ്ചയിച്ച് ആയതിനുസൃതമായി നികുതി നിർണ്ണയം നടത്തേണ്ടതാകുന്നു.

14.01.2011 ലെ സ.ഉ(അ) നം. 19/2011/തസ്വഭവ നമ്പരായി പ്രസിദ്ധീകരിച്ച എസ്.ആർ.ഒ നം. 36/2011 വിജ്ഞാപനപ്രകാരം ഓരോ ഇനം കെട്ടിടത്തിന്റെയും ഉപവിഭാഗങ്ങളുടെയും ഒരു ചതുരശ്ര മീറ്റർ വിസ്തീർണ്ണത്തിന് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ ഏറ്റവും കുറഞ്ഞതും കൂടിയതുമായ പരിധികളും അവ പ്രാബല്യത്തിൽ വരുന്ന തീയതിയും സർക്കാർ നിശ്ചയിച്ചിരുന്നു. ഇതിൽ 24.02.2015 ലെ സ.ഉ(അ)നം.36/2015/തസ്വഭവ നമ്പരായി പ്രസിദ്ധീകരിച്ച എസ്.ആർ.ഒ നമ്പർ 100/2015 വിജ്ഞാപനപ്രകാരവും 08.09.2020 ലെ സ.ഉ.(അ)നം.53/2020/തസ്വഭവ നമ്പരായി പ്രസിദ്ധീകരിച്ച എസ്.ആർ.ഒ നമ്പർ 575/2020 വിജ്ഞാപനപ്രകാരവും ഉപയോഗക്രമങ്ങൾ കൂട്ടിച്ചേർത്ത് ഭേദഗതി വരുത്തിയിരുന്നു.

അയ്യമ്പുഴ ഗ്രാമപഞ്ചായത്തിൽ മേൽ ഭേദഗതി പ്രകാരമുള്ള നികുതി നിരക്ക് നിർണ്ണയിച്ച് സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്താത്ത ഉപയോഗക്രമങ്ങളും അവയ്ക്ക് സർക്കാർ നിർദ്ദേശിച്ച കുറഞ്ഞതും കൂടിയതുമായ പരിധിയും ചുവടെ ചേർക്കുന്നു.

| ക്രമ നം | ഉപയോഗക്രമം | കുറഞ്ഞ നിരക്ക് | കൂടിയ നിരക്ക് |
|---|---|---|---|
| 1 | വിദ്യാഭ്യാസ സ്ഥാപനത്തിൻറെ കോമ്പൗണ്ടിൽ വരുന്നതും അതിന്റെ ആവശ്യങ്ങൾക്ക് മാത്രം ഉപയോഗിക്കുന്നതുമായ ഓഡിറ്റോറിയം , കാന്റീൻ, വർക്ക്ഷോപ്പ് | 3 | 8 |
| 2 | അയുർവേദ സുഖചികിത്സാകേന്ദ്രങ്ങൾ | 150 | 160 |
| 3 | റസിഡൻഷ്യൽ ഹോം സ്റ്റേ | 10 | 25 |

മേൽ പട്ടികയിലെ ഉപയോഗക്രമങ്ങൾക്ക് ചുമത്തേണ്ട നികുതി നിരക്ക് സംബന്ധിച്ച് തൊട്ടടുത്ത പഞ്ചായത്ത് കമ്മിറ്റിയിൽ തീരുമാനമെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതും, ആയത് സഞ്ചയയിൽ ഉൾപ്പെടുത്തുന്നതുമാണെന്ന് ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (2/01.02.2023)മറുപടി ലഭ്യമാക്കി.

സർക്കാർ നിർദ്ദേശിച്ച കുറഞ്ഞതും കൂടിയതുമായ പരിധികൾക്ക് വിധേയമായി ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ബാധകമാക്കാവുന്ന നികുതി നിരക്ക് പ്രമേയം മൂലം നിശ്ചയിച്ച് ആയതിനനുസൃതമായി നികുതി നിർണ്ണയം നടത്താത്തത് തെറ്റായ ഉപയോഗക്രമത്തിൽ നികുതി നിർണ്ണയിക്കുന്നതിനും നികുതി നഷ്ടത്തിനും കാരണമാവുന്നു. ആയതിനാൽ പ്രസ്തുത ഗണത്തിലുള്ള കെട്ടിടങ്ങൾക്ക് നികുതി നിർണ്ണയം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും നികുതി നിർണ്ണയം സംബന്ധിച്ച പഞ്ചായത്ത് കമ്മിറ്റി തീരുമാനം ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

മേൽ സൂചിപ്പിച്ച ഏതെങ്കിലും വിഭാഗം കെട്ടിടങ്ങൾ ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്നുണ്ടെങ്കിൽ അടിയന്തിരമായി നിരക്ക് പുതുക്കി നിശ്ചയിക്കേണ്ടതും തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-14 തൊഴിൽ നികുതി - അപാകതകൾ

അയ്യമ്പുഴ ഗ്രാമപഞ്ചായത്തിലെ 2021-22 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ പറയുന്നു.

1)ലൈസൻസ് രജിസ്റ്റർ പ്രകാരം 2021-22 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ നിന്നും ലൈസൻസ് അനുവദിച്ച പല സ്ഥാപനങ്ങളിലും ജീവനക്കാർ ഉള്ളതായി ലൈസൻസ് അപേക്ഷയിൽ തന്നെ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ജീവനക്കാരുടെ തൊഴിൽ നികുതി തൊഴിലുടമ മുഖേന ഡിമാന്റ് ചെയ്ത് ഈടാക്കിയതായി കാണുന്നില്ല. ഏതാനും ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ലൈസൻസിയുടെ പേര് | അപേക്ഷ പ്രകാരമുള്ള ജീവനക്കാരുടെ എണ്ണം | ലൈസൻസ് നം. |
|---|---|---|---|---|
| 1 | സെന്റ് മേരീസ് സോളിഡ് ബ്രിക്സ് | കെ.എം വർഗ്ഗീസ് | 5 | 25/21-22 |
| 2 | മരിയ ഏജൻസീസ് | ഷാജു പാപ്പച്ചൻ | 7 | 31/21-22 |

2)താഴെ ചേർക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനായി പഞ്ചായത്തിൽ നിന്നും കത്ത് നൽകിയിട്ടുണ്ട്. പ്രസ്തുത സ്ഥാപനത്തിലെ ജീവനക്കാർ തൊഴിൽ നികുതി

ഒടുക്കി രേഖകൾ ഹാജരാക്കിയില്ല. തൊഴിൽ നികുതി ഒടുക്കി വിശദാംശങ്ങൾ രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | അർദ്ധവർഷം | പഞ്ചായത്തിൽ നിന്നും നൽകിയ കത്ത് നം/തീയതി |
|---|---|---|---|
| 1 | ടി സ്റ്റാർ കേബിൾസ് | I & II | JC3/PT/2022 23.06.2022 |
| 2 | PDDP പാണ്ടപ്പാറ | I & II | - |
| 3 | ചുള്ളി ക്ഷീരോൽപ്പാദക സഹകരണ സംഘം | II | JC3-PT/06/2022 25.06.2022 |
| 4 | ജെ.ആർ ട്രേഡേഴ്സ് | I & II | JC3/PT/2022 23.06.2022 |
| 5 | അക്ഷയ ,ചുള്ളി | I & II | JC3-2022/ 23.06.2022 |

3) മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് ചെയ്യുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. എഗ്രിമെന്റ് രജിസ്റ്റർ പ്രകാരമുള്ള കരാറുകാരുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | 2021-22 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്ത് പ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാരുടെ പേര് |
|---|---|
| 1 | വി ജോയ് |
| 2 | കെ.എസ് പോളി |
| 3 | ജിതിൻ സേവ്യർ |
| 4 | ഷാജി എസ്.ഐ |
| 5 | വി.ജെ ബിജു |
| 6 | ബെന്നി എബ്രഹാം |
| 7 | ജോളി കെ.സി |
| 8 | പോൾ പി.പി |
| 9 | ജോർജ്ജ് ജോസഫ് |
| 10 | പി.എസ് പോൾ |
| 11 | സെബാസ്റ്റിൻ പോൾ |

4)താഴെ ചേർക്കുന്ന സ്ഥാപനങ്ങളിലെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | അർദ്ധ വർഷം |
|---|---|---|
| 1 | ചുള്ളി ക്ഷീരോൽപ്പാദക സഹകരണ സംഘം | II |

മേൽ സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് ആയതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (11/02.02.2023)മറുപടി നൽകി. ആയത് ഈടാക്കി രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

1-15 ടെണ്ടർ എക്സസ് ഇനത്തിൽ 66,590/- രൂപ അധികം നല്കി

| | |
|---|---|
| പ്രവൃത്തിയുടെ പേര് | പഞ്ചായത്ത് ഓഫീസ് നവീകരണം |
| പ്രൊ.നമ്പർ | എസ് 060/22 |
| അടങ്കൽ തുക | 10,00,000/- ( 6,00,000- വികസനഫണ്ട് ജനറൽ+ 4,00,000 - CFC) |
| Estimate PAC | 7,97,282.27 |
| കരാർ തുക | 8,62,326/- ( 8.16% Above ER) |
| കോൺട്രാക്ടറുടെ പേര് | ശ്രീ.കെ.എ.ജോയ് |
| എഗ്രിമെന്റ് നമ്പർ-തീയതി | 06/AE/LSGD/AYY/2021-22 Dtd. 08.11.2021 |
| ആകെ ചെലവ് | 1) 5,65,806/- (ട്രഷറിബിൽ നം. 179/21-22തീയതി 24.01.2022)<br>2) 1,68,143 /- (<br>3) 2,15,786/- (ട്രഷറിബിൽ നം. 380/21-22തീയതി 30.03.2022)<br>9,49,735/- |

അയ്യമ്പുഴ ഗ്രാമപഞ്ചായത്തിൽ "പഞ്ചായത്ത് ഓഫീസ് നവീകരണം " എന്ന പ്രവ്യത്തിക്ക് ശ്രീ.കെ.എ.ജോയ് എന്ന കരാറുകാരൻ 08.11.2021-ൽ കരാർ വെച്ച് പ്രവ്യത്തി ഏറ്റെടുക്കുകയും പ്രവ്യത്തി പൂർത്തിയാക്കി 30.03.2022ൽ ഫൈനൽ ബിൽ തുക കൈപ്പറ്റുകയും ചെയ്തിട്ടുണ്ട്.

ഗ്രാമപഞ്ചായത്ത് ഓഫീസിന്റെ നവീകരണത്തിനായി ടെൻഡർ ചെയ്ത പ്രവ്യത്തിയിൽ ആദ്യ എസ്റ്റിമേറ്റ് പ്രകാരം എസ്റ്റിമേറ്റഡ് PAC 7,97,282/- രൂപയായിരുന്നു. ശ്രീ. കെ.എ.ജോയ് ടെൻഡർ ചെയ്തത് 8,62,326/- രൂപയ്ക്കാണ്. അതായത് 8.16% (862326 – 797282= 65044/- (65044/ 797282) X100 = 8.16%) അധികം തുകയ്ക്കാണ് ടെൻഡർ ചെയ്തത്. എന്നാൽ ഇതിന് പകരം 7.54% അധികം തുകയ്ക്കാണ് ടെണ്ടർ ചെയ്തത് എന്ന് തെറ്റായി രേഖപ്പെടുത്തുകയാണുണ്ടായത്.

ടെൻഡർ ഷെഡ്യൂൾ പ്രകാരം എസ്റ്റിമേറ്റ് തുകയിൽ നിന്ന് ശരാശരി 8.16 % അധികം തുക ഉൾപ്പെടുന്ന തുകയാണ് ഓരോ ഇനത്തിലും ക്വാട്ട് ചെയ്തിരിക്കുന്നത്. ഇത് പ്രകാരമാണ് അളവ് പുസ്തകത്തിൽ ഓരോ ഇനത്തിലും തുക നല്കിയിരിക്കുന്നത്. എന്നാൽ Ist & Part Bill, Final Bill എന്നിവ നല്കിയപ്പോൾ ആകെ പ്രവ്യത്തിമൂല്യത്തിന്റെ കൂടെ 7.54% തുക കൂടി അധികം നല്കിയിട്ടുണ്ട്. അതിന്റെ 12% GSTയും അധികം നല്കിയിട്ടുണ്ട്.

കരാറുകാരൻ ടെൻഡർ ചെയ്ത ആകെ തുകയിൽ ശരാശരി 8.16% ടെൻഡർ എക്സസ്സ് ഉൾപ്പെടെയാണ് ഓരോഇനത്തിലും ക്വാട്ട് ചെയ്തിരുന്നത് എന്നിരിക്കെ ആകെ പ്രവ്യത്തിമൂല്യത്തിന്റെ കൂടെ വീണ്ടും 7.54% അധികം തുക കരാറുകാരന് നല്കിയത് മൂലം കരാറുകാരന് 66,590 /- രൂപ അധികം നല്കാനിടയായിട്ടുണ്ട്.

മേൽസാഹചര്യത്തിൽ കരാറുകാരന് അധികം നല്കിയ 66,590/- രൂപ തിരികെ ഈടാക്കി ബന്ധപ്പെട്ട അക്കൌണ്ടിൽ അടയ്ക്കേണ്ടതാണ്. വിശദാംശങ്ങൾ ഖണ്ഡിക 3-1 ൽ ചേർത്തിട്ടുണ്ട്.

## 1-16 വി.ഇ.ഒ. നടപ്പിലാക്കിയ പദ്ധതികൾ - അപാകതകൾ

വി.ഇ.ഒ. നിർവഹണോദ്യോഗസ്ഥനായി 2021-22 വർഷം താഴെചേർത്ത പദ്ധതികൾ നടപ്പിലാക്കിയിട്ടുള്ളതാണ്.

1) പ്രോജക്ട് നം So 162/22, എസ്.സി. വിദ്യാർതിഥികൾക്ക് പഠനമുറി - ( അടങ്കൽ, വികസന ഫണ്ട്-എസ്.സി., 300000/-; ചെലവ്, വികസന ഫണ്ട്-എസ്.സി., 300000/-)
2) പ്രോജക്ട് നം So 161/22 വീട് വാസയോഗ്യമാക്കൽ- അടങ്കൽ, വികസന ഫണ്ട്-എസ്.സി., 401413/- ; ചെലവ്, വികസന ഫണ്ട്-എസ്.സി., 361413/-)

3) പ്രോജക്ട് നം 15/22വീട് വാസയോഗ്യമാക്കൽ- അടങ്കൽ, വികസന ഫണ്ട്-എസ്.സി., 958338/-, ; ചെലവ്, വികസന ഫണ്ട്-എസ്.സി., 625000/-)

4) പ്രോജക്ട് നം 12/21വീട് വാസയോഗ്യമാക്കൽ- അടങ്കൽ, വികസന ഫണ്ട്-1650000/-, ;ചെലവ്, വികസന ഫണ്ട്-1342764/-)

മേൽ പദ്ധതികൾക്കായുള്ള മാർഗ്ഗനിർദ്ദേശ പ്രകാരം ചെയ്യാനുദ്ദേശിക്കുന്ന പ്രവ്യത്തിയുടെ എസ്റ്റിമേറ്റ് ഉടമസ്ഥൻ തയ്യാറാക്കി എൽ.എസ്.ജി.ഡി. എഞ്ചിനീയർ പരിശോധിച്ച ശേഷമാണ് സബ്സിഡി നിശ്ചയിക്കേണ്ടത്.എന്നാൽ മേൽ പദ്ധതികൾക്കായി എസ്റ്റിമേറ്റ് തയ്യാറാക്കിയതായോ എഞ്ചിനീയർ പരിശോധിച്ച് സബ്സിഡി അംഗീകരിച്ചതായോ കാണുന്നില്ല. പ്രവ്യത്തിയുടെ വിശദാംശങ്ങളോടൊപ്പമുള്ള വാല്യുവേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയതായി കാണുന്നില്ല. എല്ലാ ഗുണഭോക്താക്കൾക്കും അനുവദിച്ച തുകയ്ക്കുള്ള പണി പൂർത്തീകരിച്ചതായുള്ള എ.ഇ.-യുടെ സാക്ഷ്യപത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. ഇത്തരത്തിൽ തുക അനുവദിച്ചു മൂലം യഥർത്ഥത്തിൽ ആവശ്യമായിരുന്ന പ്രവ്യത്തിയാണോ നടത്തിയിട്ടുള്ളതെന്നും അംഗീകരിച്ച എസ്റ്റിമേറ്റ് പ്രകാരമാണോ പണി പൂർത്തീകരിച്ചതെന്നും ഉറപ്പാക്കാനാകുന്നില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ 01-02-22ലെ ഓഡിറ്റ് എൻക്വയറി നം 4 നുള്ള മറുപടിയിൽ അപാകത എൽ.എസ്.ജി.ഡി. എഞ്ചിനീയറുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതായും ഭാവിയിൽ ക്യത്യമായ പ്രവ്യത്തികളുടെ വിശദാംശങ്ങളോടൊപ്പമുള്ള വാല്യുവേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കി പദ്ധതി നടപ്പിലാക്കുന്നതാണ് എന്നും അറിയിച്ചു. പദ്ധതി നടത്തിപ്പിൽ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ ക്യത്യമായി പാലിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തി അറിയിക്കേണ്ടതാണ്.

## 1-17 പൊതുടാപ്പ് നീക്കം ചെയ്യൽ പദ്ധതി - തുക ഒടുക്കിയിട്ടും ടാപ്പുകൾ നീക്കം ചെയ്തില്ല

പ്രൊജക്ട് - പൊതുടാപ്പ് നീക്കം ചെയ്യുന്നതിന് ഫണ്ട് നൽകൽ (173/22)
നിർവ്വഹണം – സെക്രട്ടറി
അടങ്കൽ - 123000(പ്ലാൻ ഫണ്ട്)

ചെലവ് - 123000

ബിൽ - 25/24.11.21

ഗ്രാമപഞ്ചായത്തിലെ ആകെയുള്ള 310 പൊതുടാപ്പുകളിൽ ഉപയോഗയോഗ്യമല്ലാത്തതും നിലവിലില്ലാത്തതുമായ 102 ടാപ്പുകൾ നീക്കം ചെയ്യുന്നതിനായി 20.10.21ന് അസി. എക്സി. എഞ്ചിനീയർ, വാട്ടർ അതോറിറ്റിയുമായി കരാർ ഒപ്പുവയ്ക്കുകയും 24.11.21ന് എസ്റ്റിമേറ്റ് തുകയായ 1,23,000/- കൈമാറുകയും

ചെയ്തു. കരാർ പ്രകാരം 1.12.21ന് പ്രവൃത്തി ആരംഭിക്കുകയും 30.5.22നകം പൂർത്തിയാക്കുകയും ചെയ്യേണ്ടതാണ്. കരാർ വ്യവസ്ഥ 4 പ്രകാരം അനിവാര്യകാരണങ്ങളാൽ നിർമ്മാണച്ചെലവ് അധികമായാൽ വാട്ടർ അതോറിറ്റി റിവൈസ്ഡ് എസ്റ്റിമേറ്റ് നൽകുന്നതാണ് എന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ വാട്ടർ അതോറിറ്റി അപ്രകാരമുള്ള റിവൈസ്ഡ് എസ്റ്റിമേറ്റ് നൽകുകയോ ഫണ്ട് പര്യാപ്തമല്ല എന്ന വിവരം രേഖാമൂലം പഞ്ചായത്തിനെ അറിയിക്കുകയോ ചെയ്യാതെ നൽകിയ ഫണ്ട് ഉപയോഗിച്ച് (നിരക്ക് വർദ്ധനയും ജി.എസ്.ടി. വർദ്ധനയും കാരണം) 69 ടാപ്പുകൾ മാത്രം Disconnect ചെയ്തതായാണ് ഫയലിൽ രേഖപ്പെടുത്തിയിട്ടുള്ളത്. 6.6.22ന് അസി. എക്സി. എഞ്ചിനീയർ ആലുവ എക്സി. എഞ്ചിനീയർക്ക് നൽകിയ കത്തിന്റെ പകർപ്പിൽ 69 ടാപ്പുകൾ Disconnect ചെയ്തതായും ഒരു പുതിയ ടാപ്പ് സ്ഥാപിച്ചതായും അതിനാൽ 6/22 മുതൽ 242 ടാപ്പുകളുടെ ബില്ലാണ് നൽകുക എന്നും രേഖപ്പെടുത്തിയിട്ടുണ്ട്.

102 ടാപ്പുകൾ വിച്ഛേദിക്കാൻ കരാർ പ്രകാരമുള്ള തുക നൽകിയെങ്കിലും 69 ടാപ്പുകൾ മാത്രം വിച്ഛേദിച്ച നടപടിക്കെതിരെ കരാർ പ്രകാരം തുടർനടപടി സ്വീകരിച്ചിരുന്നതായി കാണുന്നില്ല. കൂടാതെ 6/22 വരെയും 310 പൊതുടാപ്പുകൾക്കുള്ള വെള്ളക്കരം ഒടുക്കിയതായും കാണുന്നു. അതായത് നിലിവിലില്ലാത്ത ടാപ്പുകളുടെ വെള്ളക്കരവും പ്രതിമാസം ഒടുക്കിയിട്ടുണ്ട്.

മേൽ വിഷയത്തിൽ സ്വീകരിച്ച നടപടികളുടെ വിവരം അറിയിക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നം.6/1.2.23) മറുപടി ലഭ്യമായില്ല. ടാപ്പുകൾ വിച്ഛേദിക്കുവാൻ തുക ഡെപ്പോസിറ്റ് ചെയ്ത തീയതി മുതലുള്ള വെള്ളക്കരം ക്രമീകരിക്കുവാനും കരാറിൽ പറഞ്ഞ 102 ടാപ്പുകളും വിച്ഛേദിക്കുന്നതിനുള്ള പ്രവൃത്തി കരാർ നിരക്കിൽ നിർവ്വഹിക്കുവാനും വാട്ടർ അതോറിറ്റിയോട് ആവശ്യപ്പെടേണ്ടതും ഡെപ്പോസിറ്റ് തുകയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതുമാണ്. വിനിയോഗസാക്ഷ്യപത്രം ലഭ്യമാകുന്നത് വരെ 1,23,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-18 സോളാർ ലൈറ്റുകളുടെ റിപ്പയർ പദ്ധതി - അപാകതകൾ

| | |
|---|---|
| പദ്ധതി | സോളാർ ലൈറ്റ് റിപ്പയർ - 128/22 (New) |
| അടങ്കൽ | 6,00,000/- രൂപ ( CFC) |
| നിർവഹണം | സെക്രട്ടറി |
| ചെലവ് | 600000/- രൂപ |
| കരാറുകാരൻ | ശ്രീ. ജിബി വർഗീസ്, ആഷ ഇലക്ട്രിക്കൽസ് |
| കരാർ | 13A/22.2.22 |
| വൗച്ചർ | P/22/23.3.22- 290700<br>P/26/30.3.22 - 279300<br>Req.no- 5063807201210070/31.3.22 – IT – 12000<br>Kcwf – 6000<br>GST - 12000 |

പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്തിലെ 13 വാർഡുകളിലെ സോളാർ ലൈറ്റുകളുടെ (57 മിനി മാസ്റ്റും 1 ഹൈമാസ്റ്റും) മെയിന്റനൻസ് പ്രവൃത്തി നടത്തുന്നതിനും 3 വർഷകാലയളവിൽ സമയാസമയങ്ങളിൽ ലൈറ്റുകളുടെ മെയിന്റനൻസ് നടത്തുന്നതിനുമാണ് ടെണ്ടർ ക്ഷണിച്ചത്. കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ആഷ ഇലക്ട്രിക്കൽസ് എന്ന സ്ഥാപനത്തിന്റെ ടെണ്ടർ (13,000/- രൂപ ഹൈ മാസ്റ്റിനും 10,200/- രൂപ മിനി മാസ്റ്റിനും) 17.2.22 ന് 2/2 നമ്പറായി കമ്മിറ്റി അംഗീകരിക്കുകയും ചെയ്തു. തുടർന്ന് വിളക്കുകൾ റിപ്പയർ ചെയ്തതായി വാർഡ് മെമ്പർമാരുടെ കത്തിന്റെ അടിസ്ഥാനത്തിൽ കരാറുകാരന്റെ താഴെ പറയുന്ന ബിൽ തുകകൾ നൽകി. ആകെ 50 വിളക്കുകൾ റിപ്പയർ ചെയ്തതിന്റെ സാക്ഷ്യപത്രം മാത്രമാണ് ഫയലിൽ ഉള്ളത്.

ബിൽ നം -1915/19.3.22 - 3,06,000/-

- 1920/25.3.33 – 2,95,800/-

കരാറുകാരൻ ക്വോട്ട് ചെയ്ത നിരക്ക് പ്രകാരം 57 മിനി മാസ്റ്റും 1 ഹൈമാസ്റ്റും റിപ്പയർ ചെയ്ത് 3 വർഷം മെയിന്റനൻസ് ചെയ്താൽ ആകെ നൽകാവുന്ന തുക താഴെ ചേർക്കുന്നു

57 X 10,200 = 5,81,400/-

1 X 13,000 =13,000/-

Total – 5,94,400/-

എന്നാൽ കരാറുകാരന് ആകെ 6 ലക്ഷം രൂപ നൽകിയിട്ടുണ്ട്. അധിക തുക നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നം.12/ 1.2.23) 58 മിനി മാസ്റ്റും 1 ഹൈമാസ്റ്റും റിപ്പയർ ചെയ്തു എന്നാണ് മറുപടി നൽകിയിട്ടുള്ളത്. എന്നാൽ ടെണ്ടർ രേഖകളിലും ടെണ്ടർ സംബന്ധിച്ച ഭരണസമിതി തീരുമാനങ്ങളിലും കരാറിലും 57 മിനി മാസ്റ്റ് ലൈറ്റുകളും 1 ഹൈമാസ്റ്റ് ലൈറ്റുമാണ് റിപ്പയർ ചെയ്യേണ്ടത് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. പർച്ചേസിന് 3 വർഷത്തെ മാനുഫാക്ചറിംഗ് വാറന്റി

മാത്രമാണ് ടെണ്ടറിൽ ആവശ്യപ്പെട്ടത് എന്ന മറുപടിയും അംഗീകരിക്കാവുന്നതല്ല, കൂടാതെ 3 വർഷകാലയളവിലെ മെയിന്റനൻസ് കൂടി ഉൾപ്പെട്ട പ്രവൃത്തിയുടെ പൂർണ്ണതുകയും കരാർ ഒപ്പവച്ച് 1 മാസത്തിനകം നൽകിയതിനാൽ സോളാർലൈറ്റുകളുടെ പ്രവർത്തനക്ഷമതയും പരിപാലനവും ഉറപ്പുവരുത്താനും കഴിയില്ല. അപാകതകൾ പരിഹരിക്കുവാനും സോളാർലൈറ്റുകളുടെ മെയിന്റനൻസ് കരാർ വ്യവസ്ഥ പ്രകാരം നിർവഹിക്കുന്നു എന്ന ഉറപ്പുവരുത്തുവാനും ശ്രദ്ധിക്കേണ്ടതാണ്.

### 1-19 ഐ.കെ.എം. വിഹിതം

| പ്രൊജക്റ്റ് | ഫണ്ട് | അടങ്കൽ | ചെലവ് | ബിൽ നം |
|---|---|---|---|---|
| IKM വിഹിതം -2/22 | പ്ലാൻ – ജനറൽ | 80,000 | 80,000 | 17/24.8.21 |

IKM-ന് പ്രവർത്തനച്ചെലവിനുള്ള വിഹിതമായി സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതി പ്രകാരം 80,000/- രൂപ നൽകിയിട്ടുണ്ട്. തുകയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ഐ.കെ.എമ്മിൽ നിന്ന് ലഭ്യമാകുന്നത് വരെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

### 1-20 ജില്ലാപഞ്ചായത്തിന് സംയുക്തപദ്ധതികൾക്കായി നൽകിയ തുകയുടെ വിനിയോഗവിവരം ഹാജരാക്കണം

സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെ പറയുന്ന സംയുക്തപദ്ധതിക്കായി സെക്രട്ടറി, ജില്ലാപഞ്ചായത്തിന് തനത് ഫണ്ടിൽ നിന്നും തുക കൈമാറിയിട്ടുണ്ട്. എന്നാൽ പദ്ധതി പൂർത്തീകരിച്ചതിന്റെയും തുക വിനിയോഗിച്ചതിന്റെയും രേഖകൾ / സാക്ഷ്യപത്രം ജില്ലാപഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയിട്ടില്ല.

| പ്രൊജക്റ്റ് | അടങ്കൽ (പ്ലാൻ-ജനറൽ) | ചെലവ് | വൌച്ചർ നം |
|---|---|---|---|
| കുട്ടികൾക്കായുള്ള ജില്ല വെബ് പോർട്ടൽ -29/22 | 12500 | 12500 | 52/24.3.22 |
| Strengthening Of Early Intervention – വിഹിതം കൈമാറൽ - 126/22 | 20000 | 20000 | 29/31.12.21 |

സംയുക്തപദ്ധതികൾക്കായി നൽകിയ തുകയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നത് വരെ ചെലവ് തുകയായ 32500 തടസ്സപ്പെടുത്തുന്നു.

### 1-21 ജീവനക്കാരുടെ ആർജ്ജിതാവധി സറണ്ടർ

05.11.2020 ലെ ജി.ഒ.(പി)നം. 152/2020/ധന പ്രകാരം സർക്കാർ ജീവനക്കാരുടെ 2021-2022 സാമ്പത്തിക വർഷത്തെ ആർജ്ജിതാവധി സറണ്ടർ അനുവദിക്കുന്നതു സംബന്ധിച്ച് സർക്കാർ ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരുന്നു. കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ ഇപ്രകാരം ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾക്ക് പുതുക്കിയ നിർദ്ദേശങ്ങൾ വരുന്നതിനു മുൻപേ ഗ്രാമ പഞ്ചായത്തിലെ സ്ഥിരജീവനക്കാർക്ക് 2021-2022 സാമ്പത്തിക വർഷത്തെ ആർജ്ജിതാവധി സറണ്ടർ അനുവദിച്ചിട്ടുണ്ട്. താഴെക്കൊടുത്തിരിക്കുന്ന ജീവനക്കാർക്കാണ് ആർജ്ജിതാവധി സറണ്ടർ അനുവദിച്ചിരിക്കുന്നത്.

| ക്രമ നം. | പേര് | തസ്തിക | വൗച്ചർ നം. | സറണ്ടർ തുക |
|---|---|---|---|---|
| 1 | ഷാജൻ.എ.വി | സെക്രട്ടറി | 22100149/2.6.21 | 79698 |
| 2 | എം.എസ്.രശ്മി | ഹെഡ് ക്ലർക്ക് | 22100140/1.6.21 | 57054 |
| 3 | എൽദോ പോൾ | സീനിയർ ക്ലർക്ക് | 22100141/1.6.21 | 43623 |
| 4 | പി.രാഘവൻ | ക്ലർക്ക് | 22100142/1.6.21 | 42513 |
| 5 | ഷൈജ പൌലോസ് | സീനിയർ ക്ലർക്ക് | 22100159/4.6.21 | 58386 |

2021-2022 സാമ്പത്തിക വർഷത്തെ ആർജ്ജിതാവധി സറണ്ടർ അനുവദിക്കുന്നത് സംബന്ധിച്ച് ട്രഷറി വകുപ്പ് ഡയറക്ടറുടെ 31.05.2021ലെ കത്ത് നമ്പർ TRY/1850/2021-E1 പ്രകാരം വിവരിച്ചിട്ടുണ്ട്. ഇതു പ്രകാരം ആർജ്ജിതാവധി സറണ്ടർ അനുവദിക്കുന്നതിന് സർക്കാർ ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ പുതുക്കിയ നിർദ്ദേശങ്ങൾ ലഭിച്ചതിനുശേഷം മാത്രമേ സംസ്ഥാന സർക്കാർ ജീവനക്കാർ ജീവനക്കാരുടെ സറണ്ടർ ബില്ലുകൾ പരിഗണിക്കേണ്ടതുള്ളൂ എന്ന നിർദ്ദേശം ഉണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ ജീവനക്കാർക്ക് 2021-2022 സാമ്പത്തിക വർഷത്തെ ആർജ്ജിതാവധി സറണ്ടർ അനുവദിച്ചിട്ടില്ല. 26.07.2021 ലെ ജി.ഒ (പി)നം 104/2021/ധന പ്രകാരം, കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ സർക്കാർ ജീവനക്കാരുടെ ആർജ്ജിതാവധി സറണ്ടർ അനുവദിക്കുന്നതിന്

ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ 01.06.2021 മുതൽ 6 മാസത്തേക്കുകൂടി ദീർഘിപ്പിച്ച് ഉത്തരവായിട്ടുണ്ട്.

2021-2022 സാമ്പത്തിക വർഷത്തെ ആർജ്ജിതാവധി സറണ്ടർ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാരിൽ നിന്നും തുടർ നിർദ്ദേശങ്ങൾ ലഭിക്കുന്നതിനു മുൻപുതന്നെ ഗ്രാമ പഞ്ചായത്തിലെ ജീവനക്കാർക്ക് ആർജിതാവധി സറണ്ടർ അനുവദിച്ചതിന്റെ കാരണം അറിയിക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (15/3.2.23) മറുപടി ലഭിച്ചില്ല . 26.07.2021 ലെ ജി.ഒ (പി)നം 104/2021/ധന ഉത്തരവിന് 1.6.21 മുതൽ മുൻകാല പ്രാബല്യം ഉണ്ടെന്നതിൽ നിലവിൽ ആർജ്ജിതാവധി സറണ്ടർ അനുവദിച്ചവരുടെ കാര്യത്തിൽ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് സർക്കാരിൽ നിന്നും വ്യക്തത വരുത്തി ആവശ്യമായ തുടർനടപടി സ്വീകരിക്കേണ്ടതാണ്. ചെലവ് തുകയായ 2,81,274/- രൂപ ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

## 1-22 സാക്ഷരതാപ്രേരകിന് നൽകിയ മുൻകൂർ തിരികെ ഈടാക്കണം

ഗ്രാമപഞ്ചായത്തിലെ സാക്ഷരതാപ്രേരക് ശ്രീമതി അനിതഷാജിയുടെ ഓണറേറിയം നൽകുന്നതിനായി തനത്ഫണ്ടിൽ നിന്നും താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| വൌച്ചർ നം | തുക | റിമാർക്സ് |
|---|---|---|
| 22100041/13.4.21 | 8280 | 2021 ഫെബ്രുവരി മാസത്തെ തുക |
| 22100068/29.4.21 | 9000 | മാർച്ച് മാസത്തെ തുക |

G.O(Rt) 626/21/LSGD/26.2.21 പ്രകാരം ഓണറേറിയം തനത് ഫണ്ടിൽ നിന്നും താൽക്കാലികമായി നൽകിയശേഷം സാക്ഷരതാമിഷനിൽ നിന്നും ചെലവ് തുക തിരികെ വാങ്ങേണ്ടതാണ്. ഇപ്രകാരം തുക തിരികെ ലഭിച്ചിട്ടുണ്ടോ എന്ന് അറിയിക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (15 /3.2.23) മറുപടി ലഭിച്ചില്ല. ഹൊണറേറിയം ഇനത്തിൽ നൽകിയ തുക സാക്ഷരതാമിഷനിൽ നിന്നും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. അതുവരെ ചെലവു തുകയായ 17,280/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-23 മാവേലി സ്റ്റോർ വാടക

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ ഉത്തരവ് നം. 386/2019 തീയതി 22.02.2019 പ്രകാരം ഗ്രാമ പഞ്ചായത്തുകളിൽ രണ്ടാമതായി ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന മാവേലി സ്റ്റോറുകൾക്ക് 700 ചതുരശ്ര അടി വരെ വിസ്തീർണ്ണമുള്ള അനുയോജ്യമായ കെട്ടിടം 5 വർഷം വരെ വാടക രഹിതമായി നല്കുവാൻ അനുമതി നല്കിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിൽ 25.09.2015ലാണ് രണ്ടാമതായി മാവേലി സ്റ്റോർ ആരംഭിച്ചത്. പ്രസ്തുത മാവേലി സ്റ്റോറിനായി ഗ്രാമപഞ്ചായത്ത് നിലവിലും വാടക നൽകി വരുന്നുണ്ട്. ശ്രീ. എൻ.വി ജോയി, മാടൻ വീട്ടിൽ, അയ്യമ്പുഴ, ശ്രീ.എം.കെ വർഗ്ഗീസ്.കുത്താൻ എന്നിവരുടെ ഉടമസ്ഥതയിലുള്ള 11/10(J), 1(28.90 M2) 11/10(N) (14.95M2) എന്നീ നമ്പറുള്ള കെട്ടിടങ്ങളിൽ സംയുക്തമായാണ് മാവേലി സ്റ്റോർ പ്രവർത്തിക്കുന്നത്.

മേൽ കെട്ടിടങ്ങൾക്ക് പ്രതിമാസം 4000, 2000 എന്നീ ക്രമത്തിൽ വാടക നിശ്ചയിച്ച് 06/2019 മുതൽ ഗ്രാമപഞ്ചായത്ത് വാടക നല്കുകയും ചെയ്തിട്ടുണ്ട്.
(ഒന്നാമത്തെ മാവേലി സ്റ്റോർ ഗ്രാമപഞ്ചായത്തിന്റെ സ്വന്തം കെട്ടിടത്തിൽ വാടകരഹിതമായാണ് പ്രവർത്തിക്കുന്നത്)
ഗ്രാമപഞ്ചായത്തുകളിൽ രണ്ടാമതായി ആരംഭിക്കുന്ന മാവേലി സ്റ്റോറിന് 5 വർഷം വരെ മാത്രമാണ് വാടക രഹിതമായി കെട്ടിടം നൽകുവാൻ സർക്കാർ വ്യവസ്ഥ ചെയ്തിട്ടുള്ളത്. പ്രസ്തുത കാലയളവ് 9/2020 ൽ പൂർത്തിയായിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ രണ്ടാമത്തെ മാവേലി സ്റ്റോറിന്റെ കെട്ടിടവാടക പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നുമാണ് നൽകിവരുന്നത്. ഓഡിറ്റ് വർഷം ഇപ്രകാരം നൽകിയ തുകയുടെ വിവരം താഴെ ചേർക്കുന്നു :-

| നം | തുക | രസീത് നം. | മാസം | ഉടമസ്ഥൻ |
|---|---|---|---|---|
| 1 | 16000 | 22100564/22.11.21 | 7/2021 --10/21 വരെ | ശ്രീ.എം.വി.ജോയി |
| 2 | 20000 | 22100269/4.8.21 | 2/21 - 6/21 | “ |
| 3 | 6000 | 22100185/18.6.21 | 3/ 2021 -- 5/21 വരെ | ശ്രീ.എം.കെ.വർഗ്ഗീസ് |
| 4 | 6000 | 22100486/13.10.21 | 6/21 - 8/21 | ” |
| 5 | 8000 | 22100759/3.2.22 | 9/21-12/21 | “ |
| ആകെ | 56000 | | | |

സിവിൽ സപ്ലൈസ് കോർപറേഷൻ നൽകേണ്ട വാടക തനത് ഫണ്ട് വളരെ കുറവായ ഗ്രാമപഞ്ചായത്തിന്റെ ഫണ്ടിൽ നിന്നും നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് - 15/3.2.23 ന് മറുപടി ലഭിച്ചില്ല. വാടകയിനത്തിൽ ചെലവഴിച്ച 56,000/- രൂപ തടസ്സപ്പെടുത്തുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ടെണ്ടർ എക്സസ് ഇനത്തിൽ 66,590/- രൂപ അധികം നല്കി

| | |
|---|---|
| പ്രവൃത്തിയുടെ പേര് | പഞ്ചായത്ത് ഓഫീസ് നവീകരണം |
| പ്രൊ.നമ്പർ | എസ് 060/22 |
| അടങ്കൽ തുക | 10,00,000/- (6,00,000- വികസനഫണ്ട് ജനറൽ+ 4,00,000 - CFC) |
| Estimate PAC | 7,97,282.27 |
| കരാർ തുക | 8,62,326/- ( 8.16% Above ER) |
| കോൺട്രാക്ടറുടെ പേര് | ശ്രീ.കെ.എ.ജോയ് |
| എഗ്രിമെന്റ് നം./ തീയതി | 06/AE/LSGD/AYY/2021-22 Dtd. 08.11.2021 |
| ആകെ ചെലവ് | 1) 5,65,806/- (ട്രഷറിബിൽ നം. 179/21-22തീയതി 24.01.2022)<br>2) 1,68,143 /- (<br>3) 2,15,786/- (ട്രഷറിബിൽ നം. 380/21-22തീയതി 30.03.2022) |
| | 9,49,735/- |

അയ്യമ്പുഴ ഗ്രാമപഞ്ചായത്തിൽ "പഞ്ചായത്ത് ഓഫീസ് നവീകരണം " എന്ന പ്രവൃത്തിക്ക് ശ്രീ.കെ.എ.ജോയ് എന്ന കരാറുകാരൻ 08.11.2021-ൽ കരാർ വെച്ച് പ്രവൃത്തി ഏറ്റെടുക്കുകയും പ്രവൃത്തി പൂർത്തിയാക്കി 30.03.2022ൽ ഫൈനൽ ബിൽ തുക കൈപ്പറ്റുകയും ചെയ്തിട്ടുണ്ട്.

മേൽപ്പറഞ്ഞ പ്രൊജക്ടിൽ താഴെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1) ഗ്രാമപഞ്ചായത്ത് ഓഫീസിന്റെ നവീകരണത്തിനായി ടെൻഡർ ചെയ്ത പ്രവൃത്തിയിൽ ആദ്യ എസ്റ്റിമേറ്റ് പ്രകാരം എസ്റ്റിമേറ്റഡ് PAC 7,97,282/- രൂപയായിരുന്നു. ശ്രീ. കെ.എ.ജോയ് ടെൻഡർ ചെയ്തത് 8,62,326/- രൂപയ്ക്കാണ്. അതായത് 8.16% (862326 - 797282= 65044/- (65044/ 797282) X100 = 8.16%) അധികം തുകയ്ക്കാണ് ടെൻഡർ ചെയ്തത്. എന്നാൽ 7.54% അധികം തുകയ്ക്കാണ് ടെൻഡർ ചെയ്തത് എന്ന് തെറ്റായിട്ടാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

2) ശ്രീ. കെ.എ. ജോയ് സമർപ്പിച്ച ടെൻഡർ ഷെഡ്യൂൾ പ്രകാരം എസ്റ്റിമേറ്റ് തുകയിൽ നിന്ന് ശരാശരി 8.16 % അധികം തുക ഉൾപ്പെടുന്ന തുകയാണ് ഓരോ ഇനത്തിലും ക്വാട്ട് ചെയ്തിരിക്കുന്നത്. ഇത് പ്രകാരമാണ് അളവ് പുസ്തകത്തിൽ ഓരോ ഇനത്തിലും തുക നല്കിയിരിക്കുന്നത്. എന്നാൽ Ist & Part Bill, Final Bill എന്നിവ നല്കിയപ്പോൾ ആകെ പ്രവൃത്തിമൂല്യത്തിന്റെ കൂടെ 7.54% തുക കൂടി അധികം നല്കിയിട്ടുണ്ട്. അതിന്റെ 12% GSTയും അധികം നല്കിയിട്ടുണ്ട്.

അതായത്,

| Ist Part Bill | |
|---|---|
| ആകെ പ്രവൃത്തി മൂല്യം | 609365.59 |
| കൂട്ടുക: ടെൻഡർ എക്സസ്- 7.54% | 45946.17 |
| | 655311.75 |
| കൂട്ടുക : ജി.എസ്.ടി. -12% | 78637.41 |
| | 733949.16 |
| പ്ലാൻ ഫണ്ട് വിഹിതം | 565806 |
| കുറയ്ക്കുക: IT-1% | 6553 |
| KCWWF-1% | 6553 |
| CGST-1% | 6553 |

| | |
|---|---|
| SGST-1% | 6553 |
| Retension-2.5% | 16383 |
| കരാറുകാരന് നല്കിയത് (Ist Part Bill): | 691354 |
| വികസനഫണ്ട് | 523211 |
| CFC | 168143 |

| II Nd & Final Bill | |
|---|---|
| ആകെ പ്രവൃത്തി മൂല്യം | 788523.10 |
| കൂട്ടുക: ടെൻഡർ എക്സസ്സ്- 7.54% | 59454.63 |
| | 847977.73 |
| കുറയ്ക്കുക: Ist Part Bill | 655311.75 |
| | 192665.98 |
| കൂട്ടുക : ജി.എസ്.ടി. -12% | 23119.92 |
| | 215785.90 |
| കുറയ്ക്കുക: IT-1% | 1927 |
| KCWWF-1% | 1927 |
| CGST-1% | 1927 |
| SGST-1% | 1927 |
| കരാറുകാരന് നല്കിയത് (II Nd &Final Bill): | |
| വികസനഫണ്ട് | 208078 |

മേൽപ്പറഞ്ഞ പ്രകാരം നികുതികൾ കിഴിച്ച് കരാറുകാരന് 8,99,432/- രൂപ ( 523211 +168143+208078) നല്കിയിട്ടുണ്ട്.

4) കരാറുകാരൻ ടെൻഡർ ചെയ്ത ആകെ തുകയിൽ ശരാശരി 8.16% ടെൻഡർ എക്സസ്സ് ഉൾപ്പെടെയാണ് ഓരോ ഇനത്തിലും ക്വോട്ട് ചെയ്തിരുന്നത് എന്നിരിക്കെ ആകെ പ്രവൃത്തിമൂല്യത്തിന്റെ കൂടെ വീണ്ടും 7.54% അധികം തുക കരാറുകാരന് നല്കിയത് മൂലം കരാറുകാരന് 66,590 /- രൂപ അധികം നല്കാനിടയായിട്ടുണ്ട്.

| | നല്കിയത് | നല്കാവുന്നത് |
|---|---|---|
| ആകെ പ്രവൃത്തി മൂല്യം | 788523.10 | 788523.10 |
| കൂട്ടുക: ടെൻഡർ എക്സസ്സ് ( 7.54%) | 59454.64 | 0 |
| | 847977.74 | 788523.10 |
| കൂട്ടുക : ജി.എസ്.ടി. (12%) | 101757.33 | 94622.77 |
| ആകെ | 949735.07 | 883145.77 |
| അധികം നല്കിയത് –<br>(9,49,735 - 8,83,145) | 66,590 /- | |

ഇപ്രകാരം അധികംതുക നല്കിയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് ( ഓഡിറ്റ് എൻക്വയറി നം. 16/21-22 തീയതി. 03/02/2023) നിർവ്വഹണോദ്യോഗസ്ഥയായ അസിസ്റ്റന്റ് എൻജിനീയർ നല്കിയ മറുപടിയിൽ കരാറുകാരനിൽ നിന്ന് അധിക തുക തിരികെ ഈടാക്കാമെന്ന് വിശദീകരിച്ചിട്ടുണ്ട്.

മേൽസാഹചര്യത്തിൽ കരാറുകാരന് അധികം നല്കിയ 66,590/- രൂപ തിരികെ ഈടാക്കി ബന്ധപ്പെട്ട അക്കൌണ്ടിൽ അടയ്ക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-22 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട് പരിശോധന നടത്തിയിട്ടുള്ളത് | | |

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | നീക്കി യിരുപ്പ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 2980000 | ലൈഫ് -ഭവനപദ്ധതി -SC Project No-S13/22 | 2980000 | 0 |
| | 2021-22 | 293900 | ഭിന്ന ശേഷിക്കാർക്ക് സ്കോളർഷിപ്പ്-S076/22 | 293900 | |
| | 2021-22 | 131375 | ഭിന്ന ശേഷിക്കാർക്ക് സ്കോളർഷിപ്പ്-S0171/22 | 131375 | |
| | 2021-22 | 870000 | ലൈഫ് ഭവന പദ്ധതി S009/22 | 870000 | |
| | 2021-22 | 656000 | ശ്മശാനം പൂർത്തീകരണം S136/22 | 656000 (*) | |
| ആകെ | | | | 4931275 | |
| ജില്ലാ പഞ്ചായത്ത് | 2021-22 | 560000 | ലൈഫ് -ഭവനപദ്ധതി -SC Project No-S13/22 | 560000 | |
| | 2021-22 | 264300 | ഭിന്ന ശേഷിക്കാർക്ക് സ്കോളർഷിപ്പ്-S076/22 | 264300 | |
| | 2021-22 | 131375 | ഭിന്ന ശേഷിക്കാർക്ക് സ്കോളർഷിപ്പ്-S0171/22 | 131375 | |
| | 2021-22 | 240000 | ലൈഫ് ഭവന പദ്ധതി S009/22 | 240000 | |
| ആകെ | | | | 1195675 | |

ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ശ്മശാന പൂർത്തീകരണം എന്ന പ്രോജക്ടിന് വേണ്ടി 6,56,000/- രൂപ ലഭ്യമായിരുന്നു. ഈ പ്രൊജക്ടിന് 6,87,602/- രൂപ ചെലവ് വന്നിട്ടുണ്ട്. അധികമായി ചെലവായ 31,602/- രൂപ സംയുക്ത പ്രൊജക്ടിന്റെ മുൻവർഷ നീക്കിയിരുപ്പിൽ നിന്നാണ് ചെലവഴിച്ചിട്ടുള്ളത്.

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റിബോർഡ് | വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ എക്സ്റ്റെൻഷൻ | 22101082 തീയതി. 31.03.2022 | 265500 | 0 | 265500 |
| | ആകെ | | 265500 | 0 | 265500 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ /വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. 2021-22 വർഷം വായ്പ തിരിച്ചടച്ചതിന്റെയും, വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | റിമാർക്ക്സ് |
|---|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | | |
| വായ്പ- ലൈഫ് ഭവന നിർമ്മാണം | ജിഒ (എംഎസ്) 6105/2019/ Fin. Dt.01.08.2019 | 0 | 1249333 | 799333 | 0 | 450000 | |

ലോൺ (ലൈഫ് ഭവനപദ്ധതി) പൊതുവിഭാഗത്തിൽ 5,13,333/-രൂപയും ലോൺ (ലൈഫ് ഭവനപദ്ധതി) എസ്.സി വിഭാഗത്തിൽ 2,86,000/-രൂപയും ഉൾപ്പെടെയുള്ള ജി.ഒ പ്രൊജക്ടുകൾക്കുവേണ്ടി മാറ്റിയ തുകയാണ് ലൈഫ് ഭവന വായ്പ തിരിച്ചടവായി ചേർത്തിരിക്കുന്നത്.

## 4-6 സ്ഥിര നിക്ഷേപം

ഒന്നുമില്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച വരവിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ/തീയതി |
|---|---|---|---|---|
| 2003-04 | 2-4 | 490 | ശ്രീ.റൂബൻസ് സെക്രട്ടറി | 121020100419/6.9.21 |
| 1997-98 | 3-20 | 75 | ശ്രീ.സി.കെ ഉണ്ണികൃഷ്ണൻ മുൻ പ്രസിഡന്റ് | 12102010100764/30.9.21 |
| | | 115 | ശ്രീ. വി.പി.ജെയിംസ് മുൻ വൈസ് പ്രസിഡന്റ് | 12102010100765/30.9.21 |
| | | 190 | ശ്രീ.വി.കെ.സുകുമാരൻ മുൻ മെമ്പർ | 12102010100766/30.9.21 |
| | | 75 | ശ്രീ.വി.പി.ചെറിയാൻ മുൻ മെമ്പർ | 12102010100767/30.9.21 |
| 1996-97 | 2-18 | 16 | സെക്രട്ടരി | 121020100768/30.9.21 |
| 2003-04 | 2-1 | 180 | ശ്രീ.കെ ഒ ബേബി അറ്റൻഡർ, എസ്.സി.ബി. | 121020101053/5.11.21 |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 & 2015-16 | 2-1, 2-2(a), 2-2(b) | 2016-17 | 2-2, 2-1 | തൊഴിൽ നികുതി, വസ്തു നികുതി | 2-2(a) BSNL ന്റെ കത്ത് ലഭ്യമാക്കിയിട്ടുണ്ട് ബാക്കി പരാമർശങ്ങളിൽ തുക ഒടുക്കിയിട്ടുണ്ട്. |

## 4-9 ചാർജ്/സർച്ചാർജ്ജുകളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 72038350 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 72228186 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 590054 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 590054 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 3-1 | - | 66590 | ശ്രീമതി.ആഷദേവി.ബി , അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | | 66590 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 123000 | സി.മണികണ്ഠൻ, സെക്രട്ടറി |
| 1-19 | 80000 | ഷാജൻ എ.വി., സെക്രട്ടറി |
| 1-20 | 32500 | സി.മണികണ്ഠൻ, സെക്രട്ടറി |
| 1-21 | 281274 | ഷാജൻ എ.വി., സെക്രട്ടറി |
| 1-22 | 17280 | ഷാജൻ എ.വി., സെക്രട്ടറി |
| 1-23 | 32000 | ഷാജൻ എ.വി., സെക്രട്ടറി |
| 1-23 | 24000 | മണികണ്ഠൻ സി., സെക്രട്ടറി |
| | 590054 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.ആഷാദേവി.ബി അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, അയ്യമ്പുഴ ഗ്രാമപഞ്ചായത്ത് | പാലക്കീഴിൽ ഹൗസ്, കടയിരിപ്പ്, കോലഞ്ചേരി – 682 311 |
| സി.മണികണ്ഠൻ, സെക്രട്ടറി | സെക്രട്ടറി, അയ്യമ്പുഴ ഗ്രാമപഞ്ചായത്ത് | അമ്പാട്ട് ഹൗസ്, മൂക്കന്നൂർ (പി.ഒ.) |
| ഷാജൻ എ.വി., സെക്രട്ടറി | സെക്രട്ടറി, കാഞ്ഞൂർ ഗ്രാമപഞ്ചായത്ത് | അത്തപ്പിള്ളി ഹൗസ്, വെള്ളാരപ്പിള്ളി (പി.ഒ.) ശ്രീമൂലനഗരം – 683 580 |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|---|
| 1996-97 | 1 | കെ.എസ്.എ.-ഇ.കെ.എം(പി4) 1211/2019(1) തീ.04.07.19 |
| 1997-98 | 12 | കെ.എസ്.എ.-ഇ.കെ.എം(പി4) 1211/2019(2) തീ.04.07.19 |
| 1998-99 | 9 | കെ.എസ്.എ.-ഇ.കെ.എം(പി4) 1211/2019(3) തീ.04.07.19 |
| 1999-2000 | 2 | കെ.എസ്.എ.-ഇ.കെ.എം(പി4) 1211/2019(4) തീ.04.07.19 |
| 2000-01(ചെലവ്) | 3 | കെ.എസ്.എ.-ഇ.കെ.എം(പി4) 1211/2019(5) തീ.04.07.19 |
| 2001-02(ചെലവ്) | - | കെ.എസ്.എ.-ഇ.കെ.എം(പി4) 1211/2019(6) തീ.04.07.19 |
| 2001-2002 (വരവ്) | 1 | കെ.എസ്.എ.-ഇ.കെ.എം(പി4) 1211/2019(6) തീ.04.07.19 |
| 2002-03 | 4 | കെ.എസ്.എ.-ഇ.കെ.എം(പി4) 1211/2019(7) തീ.04.07.19 |
| 2003-04 | 11 | |
| 2004-05 | 2 | |
| 2005-06 | 5 | |
| 2006-07 | 13 | |
| 2007-08,2008-09, 2009-10&2010-11 | 13 | |
| 2011-12 | 5 | കെ.എസ്.എ.-ഇ.കെ.എം(പി4) 1211/2019(8) തീ.04.07.19 |
| 2012-13 & 2013-14 | 3 | കെ.എസ്.എ.-ഇ.കെ.എം(പി4) 1211/2019(9) തീ.04.07.19 |
| 2014-15 | 1 | കെ.എസ്.എ.-ഇ.കെ.എം(പി4) 1211/2019(10) തീ.04.07.19 |
| 2015-16 | 3 | |
| 2016-17 | 6 | |
| 2017-18 | 14 | കെ.എസ്.എ.-ഇ.കെ.എം(പി4) 297/2019 / 01.03.2019 |
| 2018-19 | 14 | കെ.എസ്.എ.-ഇ.കെ.എം(പി4)218/2020 /07.03.2020 /12.03.2020 |
| 2019-20 | - | കെ.എസ്.എ.-ഇ.കെ.എം(പി4) 121/2022/6.7.22 |
| 2020-21 | | കെ.എസ്.എ.-ഇ.കെ.എം(പി4) 122/2022/6.7.22 |

അവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ അയ്യമ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ അയ്യമ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്